**അറിയിപ്പ്**

ബിൽ അവതരണത്തിനുള്ള തീയതി മാറ്റി നൽകുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: 2018 നവംബർ മാസം 28-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 13-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 2018 ഡിസംബർ 12, 13 തീയതികളിൽ യഥാക്രമം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സഹകരണസംഘം (രണ്ടാം ഭേദഗതി) ബില്ലും 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബില്ലും സഭയുടെ പരിഗണനയ്ക്കായി വരേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ ബില്ലുകളുടെ പരിഗണനാ തീയതികൾ ചില സാങ്കേതിക കാരണങ്ങളാൽ പരസ്പരം മാറ്റി നൽകണമെന്ന് ബന്ധപ്പെട്ട മന്ത്രിമാർ അഭ്യർത്ഥിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ 2018 നവംബർ 28-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ സഭയുടെ അനുമതിയോടെ ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട് പ്രസ്തുത ബില്ലുകളുടെ പരിഗണന തീയതികൾ പരസ്പരം മാറ്റി നൽകുകയാണ്. ഓരോ ബില്ലിനും ഭേദഗതി നൽകേണ്ട പുതുക്കിയ സമയക്രമങ്ങൾ സംബന്ധിച്ച അറിയിപ്പ് അംഗങ്ങൾക്ക് പ്രത്യേകമായി നൽകുന്നതാണ്.